പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .7725

23.07.2012-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികളുടെ ഇൻഷ്വറൻസ് പരിരക്ഷ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി. ശശി | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകടത്തിൽ മരണമടയുന്ന തൊഴിലാളികളുടെ പോസ്റ്റ് മോർട്ടം റിപ്പോർട്ടിൽ, മരണകാരണം ഹൃദയാഘാതം എന്ന രേഖപ്പെടുത്തിയതിന്റെ പേരിൽ ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാകാതെ വരുന്ന സാഹചര്യം നിലവിലുണ്ട് എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇത്തരം റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കാത്ത സാഹചര്യം ഒഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന ഇൻഷ്വറൻസ് പദ്ധതി പ്രകാരം അപകട മരണം, മത്സ്യബന്ധനത്തിനിടയിൽ കാണാതാകൽ, അപകടം മൂലം സ്ഥിരവും പൂർണ്ണവുമായ അവശത, സ്ഥിരവും ഭാഗികവുമായ അവശത, എന്നിവ ഉൾപ്പെടുത്തിയാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകി വരുന്നത്. ഹൃദയാഘാതം മൂലമുള്ള മരണം കൂടി ഉൾപ്പെടുത്തി ജനറൽ ഇൻഷ്വറൻസ് കമ്പനികൾ ഇൻഷ്വറൻസ് പുതുക്കാൻ തയ്യാറാകാത്തതിനാൽ ആയത് ഉൾപ്പെടുത്തുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ